**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2320 19.06.2013-ൽ മറുപടിയ്ക്ക്

**<u>പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് കെട്ടിടം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി. വി. രാജേഷ്** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ; | (എ) & (ബി) | കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ പിലാത്തറ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് കെട്ടിടം, ഹോസ്റ്റൽ എന്നിവ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ M/s. Hindustan Prefab Limited ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തരം സർക്കാരിന് സമർപ്പിച്ച മതിപ്പ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 31/03/11 ലെ സ.ഉ(കൈയ്യെഴുത്ത്) 41/11/പകുപവിവ, 02/07/11 ലെ സ.ഉ(കൈയ്യെഴുത്ത്) 62/11/പകുപവിവ നമ്പർ ഉത്തരവുകളിലൂടെ 455 ലക്ഷം രൂപ കേരള സ്റ്റേറ്റ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ സൊസൈറ്റിയ്ക്ക് അനുവദിച്ചു. ടി തുക ഇപ്പോൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്.<br>കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ഭൂമി ചെറുതാഴം ഗ്രാമപഞ്ചായത്ത് വക ചെറുതാഴം വില്ലേജ് സർവ്വേ നം.686/3 ൽ പെട്ട 75 സെന്റ് ആരോഗ്യ വകുപ്പിന് കൈമാറുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് 25/09/12 ൽ ഉത്തരവായി. ഭൂമി ആരോഗ്യ വകുപ്പിന് നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് M/s.Hindustan Prefab Limited 15/06/13-ൽ 2012-ലെ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം സർക്കാരിന് സമർപ്പിച്ച പരിഷ്കരിച്ച എസ്റ്റിമേറ്റ് പരിശോധിച്ച് തീരുമാനം കൈക്കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ